15 YEARS OF CELEBRATING THE MAHATMA

DEPARTMENT OF TREASURIES KERALA

ഭരണഭാഷ - മാതൃഭാഷ

നം.TRY/3372/2021-E2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 07/10/2021

## സർക്കുലർ നം: 16 / 2021

വിഷയം: പ്രാദേശിക സർക്കാരുകളുടെ സംയുക്ത സംരംഭ പദ്ധതികൾക്കായി പ്രത്യേക അക്കൗണ്ട് തുറക്കുന്നതും തുക കൈമാറ്റം ചെയ്യുന്നതും-ട്രഷറികൾ പാലിക്കേണ്ടതായ നടപടിക്രമം-സംബന്ധിച്ച്

സൂചന : 1. സർക്കാരിൽ നിന്നുള്ള 30.09.2021-ലെ 86/2021/fin നമ്പർ കത്ത്.

പ്രാദേശിക സർക്കാരുകളുടെ സംയുക്ത സംരംഭ പദ്ധതികൾ (Joint Venture Projects) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുക കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമം സൂചന പ്രകാരം സർക്കാർ നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ട്രഷറികളിൽ പാലിക്കേണ്ടതായ നടപടിക്രമം ചുവടെ ചേർക്കുന്നു.

1. പ്രാദേശിക സർക്കാരുകളുടെ സംയുക്ത സംരംഭ പദ്ധതികളുടെ നിർവ്വഹണ ആവശ്യത്തിനായി 'JVTSB' എന്ന ഒരു പുതിയ ടൈപ്പ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്ന പ്രാദേശിക സർക്കാരിലെ സെക്രട്ടറിമാർ അപേക്ഷ ട്രഷറികളിൽ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തന്നെ ഈ അക്കൗണ്ട് ഓപ്പൺ ചെയ്ത് നൽകാവുന്നതാണ്. **JVTSB (TYPE 31)**
2. ഈ ആവശ്യത്തിനായി ഒരു തദ്ദേശഭരണ സർക്കാരിന് ഒരു അക്കൗണ്ട് മാത്രമേ അനുവദിക്കാൻ പാടുള്ളൂ. അക്കൗണ്ട് ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിലായിരിക്കണം ആരംഭിക്കേണ്ടത്. ഒരു തദ്ദേശഭരണ സർക്കാരിലെ വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ ഫണ്ട് കൈമാറ്റം ഈ അക്കൗണ്ട് മുഖേന നടത്തേണ്ടതും അതിന്റെ വിശദമായ ലെഡ്ജർ അക്കൗണ്ട്സ് പ്രസ്തുത സ്ഥാപന സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്.
3. ഇത്തരം അക്കൗണ്ടുകളിൽ നിന്നും തുക കൈമാറ്റവുമായി ബന്ധപ്പെട്ട ചെക്കുകൾ ട്രഷറികളിൽ നിന്നും പാസാക്കുന്നതിന് മുൻപായി പ്രസ്തുത ചെക്കിന്റെ നടപടിക്രമം WAMS മുഖേനെ ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ടോയെന്ന് ട്രഷറികൾ

പരിശോധിക്കേണ്ടതും നടപടിക്രമം, അനുബന്ധ വൗച്ചറുകൾ/ ബില്ലുകൾ എന്നിവ ചെക്കിനോടൊപ്പം ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ തുക കൈമാറ്റം ചെയ്യുന്നത് അന്തിമ ഗുണഭോക്തവിനാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഇത്തരത്തിലുള്ള ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിലെ ചെലവഴിക്കാത്ത മുഴുവൻ തുകയും source head of account -ലേക്ക് ട്രഷറി ഓഫീസർ തിരിച്ചടക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയിൽനിന്നും അക്കൗണ്ടിന്റെ പ്രൊജക്റ്റ് അടിസ്ഥാനത്തിലുള്ള ലെഡ്ജർ ബാലൻസ് വിവരങ്ങൾ ലഭ്യമാക്കി നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലുള്ള വിശദമായ നടപടിക്രമം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

5. **യാതൊരു കാരണവശാലും ഇത്തരം അക്കൗണ്ടുകളിലെ ചിലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മാറ്റി നൽകുവാൻ പാടുള്ളതല്ല. അത് ട്രഷറി ഓഫീസർമാരുടെ വ്യക്തിപരമായ ഉത്തരവാദിത്തമായിരിക്കും.**

Signature valid

Digitally signed by Jafar A M
Date: 2021.10.07 15:51:46 IST
Reason: Approved

വിശ്വസ്തതയോടെ

A M JAFAR

DIRECTOR

Directorate of Treasuries, Krishna buildings, Thycaud P O, Thiruvananthapuram, Kerala 695014

www treasury kerala gov in, Email keralatreasury@gmail com

Ph 0471-2323963,2322712 , FAX 0471-2324229